പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, അങ്കമാലി ബൈപ്പാസ് വലിയ സാമ്പത്തിക ബാദ്ധ്യത വരുന്ന ഒരു പദ്ധതിയാണ്. അത് പി.പി.പി. മാതൃകയിലാക്കാമെന്ന് നിർദ്ദേശിച്ചതനുസരിച്ച് ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തി 25 ലക്ഷം രൂപ ചെലവഴിച്ച് അതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇനിയും അതിനെ ഏത് രീതിയിൽ, ഏത് മോഡലിൽ കൊണ്ടുപോകണമെന്ന് തീരുമാനിക്കാവുന്നതേയുള്ളൂ. കാലടിയിൽ പഴയ ശ്രീശങ്കരപാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിന് 42 കോടി രൂപയുള്ള ഭരണാനുമതി 2012-ൽ നൽകിയതാണെങ്കിലും അലൈൻമെന്റിലെ തർക്കങ്ങൾ കാരണം പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ല. ഇതുസംബന്ധിച്ച് 24-9-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ പാലത്തിന്റെ അലൈൻമെന്റിൽ കാലടി ടൗണിനെ ബൈപ്പാസ് ചെയ്ത് മറ്റൂരിൽനിന്നും നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള റോഡിൽ ചേരുവാൻ തക്കവണ്ണം പുനഃക്രമീകരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിനായി സർവ്വേ നടത്തുന്നതിനും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുമായി 1.94 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും അത് നൽകുകയും ചെയ്തിട്ടുണ്ട്. അലൈൻമെന്റ് പുതുക്കി നിർണ്ണയിച്ച് പുതിയ ഡി.പി.ആർ. തയ്യാറാക്കിയശേഷം പുതുക്കിയ ഭരണാനുമതി നൽകും. അലൈൻമെന്റ് തയ്യാറാക്കിയശേഷം 42 കോടി രൂപയിൽ ഇത് നിൽക്കുമെന്ന് പ്രതീക്ഷിക്കുന്നില്ല. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(24) മണ്ണുത്തി-അങ്കമാലി നാലുവരിപ്പാതയുടെ നിർമ്മാണപ്രവർത്തനങ്ങൾ

ശ്രീ. ബി. ഡി. ദേവസ്സി: സർ, ദേശീയപാത 47-ൽ മണ്ണുത്തി മുതൽ അങ്കമാലി വരെയുള്ള നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറിൽ ഉൾപ്പെട്ടിട്ടുള്ള അനുബന്ധ പ്രവൃത്തികളായ സർവ്വീസ് റോഡുകൾ, ബസ് ബേകൾ, ബസ് ഷെൽട്ടറുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ, സ്ട്രീറ്റ് ലൈറ്റുകൾ, ബ്ലിങ്കർ ലൈറ്റുകൾ, വിവിധ ജംഗ്ഷനുകളിലെ സുരക്ഷാ സംവിധാനങ്ങൾ എന്നിവയുടെ നിർമ്മാണം ഇനിയും പൂർത്തീകരിച്ചിട്ടില്ല. ഇതിനുപുറമെ കരാറിൽപ്പെടാത്ത അത്യാവശ്യപ്രവൃത്തികൾ നടപ്പാക്കുന്നതിനായി 98 കോടിരൂപ സംസ്ഥാന സർക്കാർ പ്രത്യേകമായി അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഉറപ്പിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളും ഫണ്ട് അനുവദിക്കാത്തതുമൂലം ആരംഭിച്ചിട്ടില്ല. ചാലക്കുടി കോടതി ജംഗ്ഷനിലെ ഫ്ലൈ ഓവർ നിർമ്മാണം, ചാലക്കുടി സൗത്ത് ജംഗ്ഷനിലെയും മുരിങ്ങൂർ ഡിവൈൻ ജംഗ്ഷനിലെയും ഡ്രെയിനേജ് സംവിധാനങ്ങൾ, മുരിങ്ങൂർ ജംഗ്ഷനിൽ അനുവദിച്ചിട്ടുള്ള ഗതാഗത സൗകര്യങ്ങൾ, കൊരട്ടി ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഫ്ലൈ ഓവർ അടക്കമുള്ള സംവിധാനങ്ങൾ, പേരാമ്പ്ര സബ്‌വേ, പേരാമ്പ്ര നാടുകന്ന്-കൊരട്ടി ഗവൺമെന്റ് പ്രസ്-ചിറങ്ങര എന്നീ ഭാഗങ്ങളിലെ സർവ്വീസ് റോഡുകളുടെ നിർമ്മാണം എന്നിവ അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട്. ഈ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലം ഉണ്ടായിട്ടുള്ള അപകടങ്ങളിൽ നിരവധി ജീവനുകൾ പൊലിഞ്ഞുപോയിട്ടുണ്ട്. കരാറിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നു പറഞ്ഞ് എല്ലാവർഷവും ടോൾ വർദ്ധിപ്പിക്കുകയും എന്നാൽ കരാറിൽ പറഞ്ഞിട്ടുള്ള അനുബന്ധ നിർമ്മാണപ്രവൃത്തികൾ ഇതുവരെയും പൂർത്തീകരിക്കാത്ത അവസ്ഥയുമാണ്. എൻ.എച്ച്.എ.ഐ. സർക്കാരുമായി ഉണ്ടാക്കിയ കരാറിൽ പറയുന്ന അനുബന്ധപ്രവൃത്തികൾ പൂർത്തീകരിക്കുന്നതുവരെ ടോൾപിരിവ് നിർത്തിവയ്ക്കണമെന്നും കരാറിൽ ഉൾപ്പെടാത്ത, മുഖ്യമന്ത്രി ഉറപ്പുനൽകിയ 98 കോടിരൂപയുടെ പ്രവൃത്തികൾ നടപ്പാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഇതൊരു ദീർഘമായ മറുപടിയാണ്. അതിലെ പ്രധാനഭാഗങ്ങൾ പറഞ്ഞതിനുശേഷം ബാക്കിഭാഗം മേശപ്പുറത്ത് വയ്ക്കാം.* അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതും അതേസമയം ഇതുസംബന്ധിച്ച് അദ്ദേഹത്തിന്റെയും പ്രൊഫ. സി. രവീന്ദ്രനാഥിന്റേയും ആവശ്യപ്രകാരം നിരവധി പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും കോൺഫറൻസ് നടത്തിയിട്ടുള്ളതുമാണ്. ഇതിൽ പറ്റിയൊരബദ്ധം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്ന സമയത്ത് ഈ പ്രദേശങ്ങൾ ജനവാസകേന്ദ്രങ്ങളോ സർവ്വീസ് റോഡ് ആവശ്യമുള്ള പ്രദേശങ്ങളോ ആയിരുന്നില്ല. ഡി.പി.ആർ. തയ്യാറാക്കി ഒരുപാട് വർഷങ്ങൾക്കുശേഷമാണ് ഈ പ്രോജക്ട് യാഥാർത്ഥ്യമാകുന്നത്. ഇപ്പോൾ ഈ സർവ്വീസ് റോഡ് വളരെ അത്യാവശ്യമുള്ള റോഡാണ്. സ്റ്റേറ്റ് ഗവൺമെന്റ് ഇതുസംബന്ധിച്ച് 63.66 കോടിരൂപയുടെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്, പക്ഷേ സാമ്പത്തിക ബുദ്ധിമുട്ട് കൊണ്ടാണ് ഭരണാനുമതി കൊടുക്കാൻ സാധിക്കാതെ വന്നത്. അതിപ്പോഴും സജീവമാണ്. പിന്നെ ടോൾ പിരിവിന്റെ കാര്യത്തിൽ ഗവൺമെന്റ് ഇടപെട്ട് സ്റ്റേ ചെയ്യുകയും അത് എൻഹാൻസ് ചെയ്യരുത്, വർദ്ധിപ്പിക്കരുത് എന്ന് ഉത്തരവ് കൊടുത്തിട്ടുമുണ്ട്. പക്ഷേ അവർ കോടതിയിൽ പോയി, കോടതി 14-12-2007-ൽ ഒപ്പുവച്ച സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് ഉള്ളതുകൊണ്ട് ടോൾ വർദ്ധിപ്പിക്കാനുള്ള അനുവാദം കൊടുക്കുകയാണുണ്ടായത്. ഇതാണ് ഇതിന്റെ അവസ്ഥ. ഗവൺമെന്റ് വളരെ കാര്യമായി അങ്ങുപറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ട്.

---

* അനുബന്ധം-I

അനുബന്ധം

(ശ്രീ. ബി.ഡി. ദേവസ്സി അവതരിപ്പിച്ച സബ്മിഷനുള്ള മറുപടി - പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) സഭയുടെ മേശപ്പുറത്ത് വച്ചത്.)

മണ്ണുത്തി-അങ്കമാലി ദേശീയ പാതയിൽ കൺസഷൻ എഗ്രിമെന്റ് പ്രകാരം നിർമ്മിക്കേണ്ട 52.40 കി.മീറ്റർ സർവ്വീസ് റോഡിൽ 50.78 കി. മീറ്റർ റോഡ് നിർമ്മിച്ചു കഴിഞ്ഞതായും ബാക്കി 1.2 കി.മീറ്റർ ദൂരം സ്ഥലമേറ്റെടുത്ത് കഴിഞ്ഞാലുടൻ നിർമ്മാണം പൂർത്തിയാക്കുമെന്ന് NHAI അറിയിച്ചിട്ടുണ്ട്. ഭൂമി ലഭ്യമായ ഇടങ്ങളിൽ 29 ബസ് ഷെൽട്ടറുകളും, 12 ബസ്ബേകളും നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന ബസ്ബേകൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുത്ത് NHAI-ക്ക് കൈമാറുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൺസഷൻ എഗ്രിമെന്റ് പ്രകാരമുള്ള തെരുവ് വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെയുള്ള തെരുവ് വിളക്കുകൾ സ്പോൺസർഷിപ്പ് വ്യവസ്ഥയിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. സർവ്വീസ് റോഡ് പൂർത്തിയായ സ്ഥലങ്ങളിൽ ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചിലയിടങ്ങളിൽ പരിസരവാസികളുടെ തർക്കത്തെത്തുടർന്ന് ഡ്രെയിനേജിന്റെ പണി നിർത്തിവയ്ക്കേണ്ടിവന്നിട്ടുണ്ട്. തർക്കം പരിഹരിക്കുന്ന മുറയ്ക്ക് ഇവിടെയും പണി പൂർത്തിയാക്കുന്നതാണ്. മുരിങ്ങൂർ ജംഗ്ഷൻ വികസിപ്പിക്കുന്നതിനാവശ്യമായ ഭൂമി NHAI-യ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തി താമസിയാതെ ആരംഭിക്കുന്നതാണ്. കൊരട്ടി റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് ദേശീയപാതയിൽ ചേരുന്ന ജംഗ്ഷൻ, RBDCK വിപുലീകരിച്ച് നിർമ്മിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2012 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ഇതുസംബന്ധിച്ച് വിളിച്ചു ചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൺസഷൻ എഗ്രിമെന്റിൽപ്പെടാത്ത 22 കി. മീറ്റർ സർവ്വീസ് റോഡ്, മേൽപ്പാലങ്ങളുടെയും, അണ്ടർപാസ്സുകളുടെയും നിർമ്മാണം എന്നിവ സംസ്ഥാന സർക്കാരിന്റെ ചെലവിൽ പൂർത്തിയാക്കുവാൻ തീരുമാനിച്ചിരുന്നെങ്കിലും ഫണ്ടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അപര്യാപ്തതമൂലം പണി തുടങ്ങാൻ കഴിഞ്ഞില്ല. എന്നാൽ 7-10-2013-ൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ സർവ്വീസ് റോഡിന്റെ നിർമ്മാണം മാത്രം സംസ്ഥാന സർക്കാർ ഏറ്റെടുത്താൽ മതിയെന്നും ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിയെ സമീപിക്കാമെന്നും തീരുമാനമെടുത്തു. ഇതനുസരിച്ച് സർവ്വീസ് റോഡ് നിർമ്മാണത്തിനായി 63.66 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ബാക്കി പ്രവൃത്തികൾ ദേശീയപാത അതോറിറ്റിയെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

കേന്ദ്ര ടോൾ നിയമപ്രകാരവും സംസ്ഥാന സർക്കാരും കൺസഷണയർ കമ്പനിയും ദേശീയപാത അതോറിറ്റിയും തമ്മിൽ 14-12-2007-ൽ ഒപ്പു വച്ച സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് പ്രകാരവും കൺസഷണയർ കമ്പനിയ്ക്ക് ടോൾ പിരിക്കുന്നതിനും ദേശീയ വിലസൂചികയുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും ടോൾ നിരക്ക് വർദ്ധിപ്പിക്കുന്നതിനും അധികാരമുണ്ട്. ടോൾ വർദ്ധനയ്ക്കെതിരെയുള്ള ജനങ്ങളുടെ പ്രതിഷേധം കണക്കിലെടുത്ത് ടോൾ നിരക്ക് വർദ്ധന തൽക്കാലം നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഈ നിർദ്ദേശത്തിനെതിരെ കൺസഷണയർ കമ്പനി കേരള ഹൈക്കോടതിയിൽനിന്നും അനുകൂല വിധി സമ്പാദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ടോൾനിരക്ക് വർദ്ധന നിർത്തിവെയ്ക്കണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly